ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തിരം കഴിഞ്ഞ സാമ്പത്തികവർഷം എത്ര പേർക്ക് വായ്പകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതി പ്രകാരമാണ് വായ്പകൾ അനുവദിച്ചിട്ടുള്ളത്; എത്ര വീതം; ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം വകയിരുത്തിയ തുകയിൽ മുഴുവൻ തുകയും വിതരണം ചെയ്തിട്ടുണ്ടോ; അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) 2783 പേർക്ക്

(ബി) വായ്പാ പദ്ധതികളുടെ വിവരവും എണ്ണവും അനുബന്ധം 1 ൽ† ചേർത്തിരിക്കുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.

(സി) ഇല്ല. വിതരണം നടത്തിയ തുകയുടെ വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. †

10 (*40) സംവരണത്തിന്റെ വരുമാന പരിധി ഉയർത്താൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗക്കാർക്ക് കുമാരപിള്ള കമ്മീഷൻ ശുപാർശകൾ പ്രകാരം സംവരണം ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നല്കുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) 1966-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ടുപ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിന് സംവരണാനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ച വരുമാനപരിധി എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര-സംസ്ഥാന ജീവനക്കാരുടെ ശമ്പളം അടുത്തകാലത്ത് വർദ്ധിച്ചപ്പോൾ നേരത്തെ സംവരണാനുകൂല്യത്തിന് അർഹതയുണ്ടായിരുന്ന വലിയൊരു വിഭാഗത്തിന് അത് നഷ്ടമായ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശമ്പളവർദ്ധന നിലവിൽ വന്നതോടുകൂടി ക്ലാസ് 4 ജീവനക്കാർക്കുപോലും ഈ ആനുകൂല്യം ലഭിക്കാത്തതായ സാഹചര്യത്തിൽ വരുമാന പരിധി ഉയർത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) വരുമാനപരിധി ഉയർത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് ഉന്നതവിദ്യാഭ്യാസം കൈവരിക്കുന്നതിന് ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ്, പ്രൊഫഷണൻ കോഴ്സുകൾക്ക് നിശ്ചിത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിന് സംവരണവും വിദ്യാഭ്യാനുകൂല്യവും നല്കുന്നതിന് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചതിൻ പ്രകാരം 6000 രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്കായിരുന്നു സംവരണവും വിദ്യാഭ്യാസാനുകൂല്യവും അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത്.

(ഡി) ഉണ്ട്. ഇത്തരക്കാർക്ക് തുടർന്നും സംവരണാനുകൂല്യം ലഭ്യമാക്കുന്നതിനായി അവർക്ക് ശമ്പളപരിഷ്ക്കരണത്തിന് മുൻപുണ്ടായിരുന്നു. ശമ്പളം അടിസ്ഥാനമാക്കി വരുമാനപരിധി നിശ്ചയിക്കണമെന്ന് 13.4.99-ലെ സ. ഉ (കൈ) 40/99/ പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) നടപടി സ്വീകരിക്കാം.

11 (*41) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ശുദ്ധജല വിതരണത്തിനായി എന്തെങ്കിലും പ്രത്യേക സ്വതന്ത്ര സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്വതന്ത്ര സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്ക് എന്തെങ്കിലും നിബന്ധന മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയുടെ സ്ഥാപനം, ഉല്പാദനം, വിതരണം എന്നിവ സംബന്ധിച്ച എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും പങ്കുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly